(ബി) ആകെ എത്ര ഏക്കർ സ്ഥലം സഹകരണസംഘങ്ങൾ മുഖേന കൃഷിചെയ്തുവരുന്നു എന്നു് പറയുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ൧൪ എണ്ണം.

(ബി) ൩,൧൩൭ ഏക്കർ.

സഹകരണസംഘങ്ങൾ

*൯൮൭. (൩൦) **ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി:** താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സഹകരണഡിപ്പാർട്ട്മെണ്ടുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആകെ എത്ര സഹകരണസംഘങ്ങൾ തിരുവിതാംകൂറിലും കൊച്ചിയിലുമായി പ്രവർത്തനം നടത്തിവരുന്നു എന്നും, അതിൽ വ്യാവസായികസംഘങ്ങൾ എത്രയെന്നും പറയുമോ;

(ബി) വ്യാവസായികസഹകരണസംഘങ്ങൾകൊണ്ടു് വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാനുള്ള സാദ്ധ്യതകളുണ്ടോ എന്നു് പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ആകെ സംഘങ്ങൾ ൨,൩൮൧. അതിൽ വ്യാവസായികസംഘങ്ങൾ ൧൫൦.

(ബി) ഉണ്ടു്.

കൊച്ചിയിൽ കപ്പൽനിർമ്മാണകേന്ദ്രം

*൯൮൮. (൩൧) **സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ:** താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കൊച്ചിയിൽ ഒരു കപ്പൽനിർമ്മാണകേന്ദ്രം സ്ഥാപിക്കുന്നതിനെപ്പറ്റി ഈ ഗവർമ്മെണ്ടും ഇൻഡ്യാഗവർമ്മെണ്ടുമായി വല്ല ആലോചനകളും നടക്കുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ ആലോചനയുടെ ഫലം എങ്ങിനെ ഇരിക്കുന്നു എന്നും ദയവായി പറയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ആലോചന നടക്കുന്നുണ്ടു്. കൊച്ചിയുടെ കാര്യം, കപ്പൽനിർമ്മാണകേന്ദ്രങ്ങളെപ്പറ്റി അവസാനതീരുമാനം എടുക്കുമ്പോൾ പരിഗണിക്കുന്നതാണെന്നു് ഇൻഡ്യാഗവർമ്മെണ്ടിൽനിന്നും മറുപടി കിട്ടിയിട്ടുണ്ടു്.

നാവികപരിശീലനം

*൯൮൯. (൩൨) **സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ:** താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിൽ സ്ഥാപിതമാകുന്ന നാവികപരിശീലനസ്ഥാപനങ്ങളിൽ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിലെ വിദ്യാർത്ഥികൾക്കു് കൂടുതൽ പ്രവേശനം ലഭിക്കുന്നതിനു് ഗവർമ്മെണ്ടു് എന്തെങ്കിലും ഉത്സാഹം ചെയ്യുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അതു എങ്ങിനെയെന്നും പറയാമോ;

(ബി) ഇവിടത്തെ തൊഴിലാളികൾക്കു് കൂടുതൽ പ്രവേശനം കിട്ടുന്നതിനു വല്ല നടപടികളും കൈക്കൊള്ളുന്നുണ്ടോ എന്നും, ഉണ്ടെങ്കിൽ അതു എന്താണെന്നും ദയവായി പറയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: (എ) ഇല്ല.

(ബി) ഇല്ല.

തിരുവിതാംകൂർ ഗവർമ്മെണ്ടുവക വിമാനം

*൯൯൦. (൩൩) **ശ്രീമതി ദേവകീഗോപിദാസ്:** താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വർക്ക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ ഗവർമ്മെണ്ടു വക ഒരു വിമാനം കറാച്ചിയിൽ പാകിസ്ഥാൻ ഗവർമ്മെണ്ടിന്റെ കൈവശം ഇരുന്നതു് ഈ ഗവർമ്മെണ്ടിനു തിരികെ കിട്ടിയോ?

LIBRARY ARCHIVES Kerala Legislative Assembly